പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 218 | 15.07.2016-ൽ മറുപടിക്ക്.

## ഇതര സംസ്ഥാനത്തൊഴിലാളികളുടെ ക്യാമ്പുകളിലെ ശോച്യാവസ്ഥ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.ടി.വി.ഇബ്രാഹിം<br>ശ്രീ.എം.ഉമ്മർ | ശ്രീ. റ്റി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇതര സംസ്ഥാനത്തൊഴിലാളികളുടെ ക്യാമ്പുകളിലെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇക്കാര്യത്തിൽ ഹൈക്കോടതിയുടെ നിർദ്ദേശമെന്തെങ്കിലും ഉണ്ടായിട്ടുണ്ടോ;<br><br>(സി) എങ്കിൽ നിർദ്ദേശം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ബി) & (സി) ഉണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട W.P.(C) No. 21412/16 നമ്പർ കേസിൽ ഒരു സ്റ്റേറ്റ്മെന്റ് സമർപ്പിക്കുവാൻ ബഹു.ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. കേസിൽ തൊഴിൽ, സാമൂഹ്യനീതി, ആഭ്യന്തരം, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിമാർ എതിർ കക്ഷികളാണ്. ആയതിനാൽ മേൽ വകുപ്പുകളിൽ നിന്നും വിവരങ്ങൾ ലഭ്യമാക്കി സമാഹൃത വസ്തുതാ വിവരണ പത്രികയാണ് സമർപ്പിക്കേണ്ടത്. ബഹു.ഹൈക്കോടതി മുമ്പാകെ പ്രസ്തുത പത്രിക സമർപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ